കേരള സംഗീത നാടക അക്കാദമി, തൃശൂർ-20.

അമേച്വർ നാടകങ്ങൾക്കുള്ള സംസ്ഥാന അവാർഡ് - 2024

നിയമാവലി

1 ഈ ചട്ടങ്ങൾ കേരള സംസ്ഥാന മലയാള അമേച്വർ നാടകങ്ങൾക്കായുള്ള അവാർഡ് ചട്ടങ്ങൾ 2024 എന്ന പേരിൽ അറിയപ്പെടും.

2 കേരളത്തിന്റെ നാടകമേഖലയിൽ മിക്ക അമേച്വർ നാടകങ്ങളും പുതിയ രംഗപരീക്ഷണങ്ങൾ കൂടിയാണ്. നാടകത്തിന്റെ മുന്നോട്ടുള്ള വളർച്ചയ്ക്കും പുതിയ മാറ്റങ്ങൾക്കും കാരണമാകുന്ന അമേച്വർ നാടകങ്ങൾക്ക് പ്രോത്സാഹനം നല്കുകയാണ് ഈ അവാർഡുകളുടെ ലക്ഷ്യം.

3 . വിവിധ മേഖലകളെ അടിസ്ഥാനമാക്കിയാണ് അമേച്വർ നാടകമത്സരം സംഘടിപ്പിക്കുക. ലഭ്യമാകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിലായിരിക്കും മേഖലകൾ നിശ്ചയിക്കുക. കൂടുതൽ പ്രേക്ഷകരിലേക്ക് നാടകാവതരണങ്ങൾ എത്തിക്കുന്നതിന്റെ ഭാഗമായാണ് മേഖല തിരിച്ചുള്ള നാടകമത്സരം രൂപപ്പെടുത്തിയിട്ടുള്ളത്. പരമാവധി പതിനെട്ട് നാടകങ്ങളാണ് ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കുക. നാടകകൃതികളുടെ ഗുണമേന്മയനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന നാടകങ്ങളുടെ എണ്ണത്തിലും മേഖലകളുടെ എണ്ണത്തിലും വ്യത്യാസം വരാവുന്നതാണ്. സംസ്ഥാനതല അവാർഡ് നിർണ്ണയ മത്സരത്തിൽ എല്ലാ മേഖലകളിൽ നിന്നുമായി തെരഞ്ഞെടുക്കുന്ന 6 നാടകങ്ങളാണ് അവതരിപ്പിക്കപ്പെടുക.

4 അവാർഡുകളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ഏറ്റവും മികച്ച നാടകാവതരണത്തിന് നാടകസംഘം സെക്രട്ടറിക്ക് ശിൽപ്പവും പ്രശംസാപത്രവും 50,000 രൂപയും.
2. മികച്ച രണ്ടാമത്തെ നാടകാവതരണത്തിന് നാടകസംഘം സെക്രട്ടറിക്ക് ശിൽപ്പവും പ്രശംസാപത്രവും 30,000 രൂപയും.
3. ഏറ്റവും മികച്ച സംവിധായകന് ശിൽപ്പവും പ്രശംസാപത്രവും 30,000 രൂപയും.
4. മികച്ച രണ്ടാമത്തെ സംവിധായകനുള്ള ശിൽപ്പവും പ്രശംസാപത്രവും 20,000 രൂപയും.
5. ഏറ്റവും മികച്ച നാടകകൃത്തിന് ശിൽപ്പവും പ്രശംസാപത്രവും 30,000 രൂപയും.
6. മികച്ച രണ്ടാമത്തെ നാടകകൃത്തിന് ശിൽപ്പവും പ്രശംസാപത്രവും 20,000 രൂപയും.
7. ഏറ്റവും മികച്ച നടന് ശിൽപ്പവും പ്രശംസാപത്രവും 25,000 രൂപയും.
8. മികച്ച രണ്ടാമത്തെ നടന് ശിൽപ്പവും പ്രശംസാപത്രവും 15,000 രൂപയും.
9. ഏറ്റവും മികച്ച നടിക്ക് ശിൽപ്പവും പ്രശംസാപത്രവും 25,000 രൂപയും.
10. മികച്ച രണ്ടാമത്തെ നടിക്ക് ശിൽപ്പവും പ്രശംസാപത്രവും 15,000 രൂപയും.
11. ഏറ്റവും മികച്ച സംഗീത സംവിധാനത്തിന് ശില്പവും പ്രശംസാപത്രവും 15,000 രൂപയും. (നാടകത്തിന് വേണ്ടി ഒറിജിനലായി കംപോസ് ചെയ്ത് ലൈവ് ആയോ റെക്കോർഡ് ആയോ സംഗീതത്തെ ഉപയോഗിക്കുന്ന സംവിധായകരെ മാത്രമേ ഈ അവാർഡിന് പരിഗണിക്കുകയുള്ളൂ അതിന്റെ ഗുണമേന്മയെ അടിസ്ഥാനമാക്കി മാത്രമായിരിക്കും അവാർഡ് നിർണ്ണയത്തിൽ ജൂറി ഉചിതമായ തീരുമാനമെടുക്കുക.)
12. ഏറ്റവും മികച്ച രംഗപട സംവിധാനത്തിന് ശിൽപ്പവും പ്രശംസാപത്രവും 20,000 രൂപയും.
13. ഏറ്റവും മികച്ച ദീപ സംവിധാനത്തിന് ശിൽപ്പവും പ്രശംസാപത്രവും 15,000 രൂപയും.
14. ഏറ്റവും മികച്ച വസ്ത്രാലങ്കാരം രൂപകല്പന ചെയ്യുന്ന ആൾക്ക് ശിൽപ്പവും പ്രശംസാപത്രവും 15,000 രൂപയും.

5 ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന സെക്രട്ടറി, സംവിധായകൻ / സംവിധായിക, നടൻ, നടി, നാടകകൃത്ത്, സംഗീതസംവിധായകൻ / സംവിധായിക, ഗാനരചയിതാവ്, രംഗപടം സംവിധായകൻ / സംവിധായിക, ദീപസംവിധായകൻ / സംവിധായിക,, വസ്ത്രാലങ്കാരം രൂപകല്പന ചെയ്യുന്ന ആൾ എന്നീ സംജ്ഞകൾ അപേക്ഷകൻ സാക്ഷ്യപ്പെടുത്തി ഒപ്പിട്ടു സമർപ്പിച്ച പ്രവേശന ഫോറത്തിലുള്ള അതേ സംജ്ഞകളെ പരാമർശിക്കുന്നതായി കണക്കാക്കപ്പെടും.

6 അവതരിപ്പിക്കാത്ത പുതിയ നാടക സ്ക്രിപ്റ്റുകൾ മാത്രമേ അമേച്വർ നാടകമത്സരത്തിലേക്ക് പരിഗണിക്കുകയുള്ളൂ. സ്വതന്ത്രമായ നാടക രചനയല്ലാതെ, മറ്റേതെങ്കിലും കൃതിയുടെയോ, ആവിഷ്കാരങ്ങളുടെയോ, അഡാപ്റ്റേഷനുകളിലൂടെയോ തയ്യാറാക്കിയതാണെങ്കിൽ മൂലകൃതിയുടെ രചയിതാവിന്റെ/

അവകാശിയുടെ സമ്മതപത്രം ഹാജരാക്കേണ്ടതാണ്. ആയതിന് എന്തെങ്കിലും സാങ്കേതികതടസ്സം നേരിട്ടാൽ പകർപ്പാവകാശം സംബന്ധിച്ച് നിയമപരമായി ഉണ്ടാകുന്ന പ്രശ്നങ്ങളുടെ പരിപൂർണ്ണ ഉത്തരവാദിത്വം നാടക സംഘം ഏറ്റെടുക്കുന്നതാണെന്ന് കാണിച്ചുകൊണ്ടുള്ള നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം ഹാജരാക്കേണ്ടതാണ്.

7 തെരഞ്ഞെടുക്കപ്പെട്ട നാടകരചനയുടെ അവതരണദൈർഘ്യം ഒരു മണിക്കൂറിൽ കുറയാൻ പാടില്ല.

8 ഒരു നാടകസംഘത്തിന്റെ ഒരു നാടകം മാത്രമേ മൽസരത്തിന് പരിഗണിക്കുകയുള്ളൂ.

9 അപേക്ഷയോടൊപ്പം താഴെപ്പറയുന്നവ സമർപ്പിക്കേണ്ടതാണ്.

1. സ്ക്രിപ്റ്റിന്റെ അഞ്ച് കോപ്പി. (ഡി.ടി.പി. ചെയ്ത സ്ക്രിപ്റ്റിൽ നാടകത്തിന്റെ പേര് മാത്രം രേഖപ്പെടുത്തുക.
2. നാടക കൃത്തിന്റെ സമ്മതപത്രം.
3. നാടകാവതരണം രൂപപ്പെടുത്തുന്നത് സംബന്ധിച്ച വിശദമായ സംവിധായക കുറിപ്പ്. (നാടകത്തിന്റെ സ്റ്റേജ് സ്വഭാവവും അളവുകളും നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.)
4. നാടകസംഘത്തിന്റെ അക്കാദമി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.

10 അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ സ്ക്രിപ്റ്റിന്റെ കൂടെ ഉള്ളടക്കം ചെയ്യാതെ അപേക്ഷാ ഫോറത്തോടൊപ്പം ഹാജരാക്കേണ്ടതാണ്.

11 നാടകത്തിന്റെ സ്ക്രിപ്റ്റ് പരിശോധിച്ച് നാടകം തെരഞ്ഞെടുക്കുന്നതിനും, തെരഞ്ഞെടുത്ത നാടകങ്ങൾ വീക്ഷിച്ച് അവാർഡ് നിർണ്ണയിക്കുന്നതിനും നാല് പേരടങ്ങുന്ന വിദഗ്ധസമിതിയെ നിയോഗിക്കുന്നതാണ്. കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയായിരിക്കും കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറി. സെക്രട്ടറിയുടെ അഭാവത്തിൽ സെക്രട്ടറി നിയോഗിക്കുന്ന അക്കാദമി അംഗമായിരിക്കും മെമ്പർ സെക്രട്ടറി.

12 നാടകാവതരണത്തിന് തിരഞ്ഞെടുക്കുന്ന സമിതികൾ താഴെപ്പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1. നാടകത്തിലെ കഥാപാത്രത്തിന്റേയും നടീ നടൻമാരുടേയും പേരും അഡ്രസ്സും ഫോൺ നമ്പറും.
2. നാടകത്തിന്റെ പിന്നണിയിൽ പ്രവർത്തിക്കുന്ന കലാകാരരുടെ പേരും അഡ്രസ്സും ഫോൺ നമ്പറും (1. 2 എന്നിവ പൂരിപ്പിക്കുന്നതിനുള്ള ഫോം അക്കാദമി വെബ്സൈറ്റിൽ ലഭ്യമാണ്)
3. നാടകത്തിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന നടീനടന്മാരുടെയും പിന്നണിയിലെ കലാകാരരുടെയും ഫോട്ടോസ് സ്കാൻ ചെയ്ത് മത്സരിക്കുന്ന വിഭാഗവും കലാകാരരുടെ പേരും ഉൾപ്പെടെ പെൻഡ്രൈവിൽ നൽകേണ്ടതാണ്.

13 അക്കാദമിയിൽ ഹാജരാക്കുന്ന സ്ക്രിപ്റ്റ് തിരികെ ലഭിക്കുന്നതല്ല.

14 അവാർഡ് നിർണ്ണയത്തെ സ്വാധീനിക്കുവാൻ ഏതെങ്കിലും മാർഗ്ഗത്തിൽ നടത്തുന്ന പരിശ്രമം അപേക്ഷയെ അസാധുവാക്കുന്നതും അവാർഡിന് അയോഗ്യമാക്കുന്നതുമായിരിക്കും.

15 അവാർഡിനായി അവതരിപ്പിക്കപ്പെടുന്ന നാടകങ്ങളുമായി ഏതെങ്കിലും തരത്തിൽ പങ്കാളിത്തമോ ബന്ധമോ ഉള്ള ഒരു വ്യക്തിയും ജഡ്ജിംഗ് കമ്മിറ്റിയിൽ അംഗമാകാൻ പാടില്ല.

16 ഏതെങ്കിലും വിഭാഗത്തിന് അവാർഡിന് അർഹതയില്ലെന്ന് തോന്നുകയാണെങ്കിൽ ആ അവാർഡ് നൽകേണ്ടതില്ലെന്ന് ശുപാർശ ചെയ്യാൻ ജഡ്ജിംഗ് കമ്മിറ്റിക്ക് വിവേചനാധികാരമുണ്ടായിരിക്കും.

17 ഈ ചട്ടങ്ങളുടെ വ്യാഖ്യാനവും നാടക അവാർഡുകളും സംബന്ധിച്ച് കേരള സംഗീത നാടക അക്കാദമിയുടെ തീരുമാനം അന്തിമമായിരിക്കും. ഈ തീരുമാനങ്ങൾക്കെതിരെ അപ്പീൽ ഉണ്ടായിരിക്കുകയില്ല.

18 മലയാള അമേച്വർ നാടകങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന അവാർഡു മത്സരത്തിൽ പങ്കെടുക്കുന്ന ഏതൊരു വ്യക്തിയും ഈ ചട്ടങ്ങൾ അംഗീകരിക്കുന്നതായി കരുതപ്പെടും. നാടക സംഘം സെക്രട്ടറി ഉത്തരവാദിയായിരിക്കും.

...3.

19 പ്രതിലോമകരമായ ആശയങ്ങൾ പ്രചരിപ്പിക്കുന്ന നാടകങ്ങൾ പരിഗണിക്കുന്നതല്ല.

20 നിശ്ചിതതീയതിക്കും സമയത്തിനും നാടകം അവതരിപ്പിക്കേണ്ട ഉത്തരവാദിത്തം നാടകസംഘങ്ങളുടേതായിരിക്കും. ഇതിൽ വീഴ്ച വരുത്തുന്നതുമൂലം അക്കാദമിക്കുണ്ടാകുന്ന നഷ്ടത്തിന് നാടക സംഘം സെക്രട്ടറി ഉത്തരവാദിയായിരിക്കും. തെരഞ്ഞെടുക്കപ്പെടുന്ന നാടകസംഘങ്ങൾ നാടകാവതരവുമായി ബന്ധപ്പെട്ട് അക്കാദമി തയ്യാറാക്കുന്ന കരാറിൽ ഒപ്പുവെക്കേണ്ടതാണ്.

21 ആദ്യഘട്ട മത്സരത്തിലേക്ക് തെരഞ്ഞെടുക്കുന്ന നാടകസംഘത്തിന് യാത്രാച്ചെലവുൾപ്പെടെ നാടകാവതരണത്തിന് 50,000/- രൂപ നൽകുന്നതാണ്. സംസ്ഥാനതല അവാർഡ് നിർണ്ണയ മത്സരത്തിൽ എല്ലാ മേഖലകളിൽ നിന്നുമായി തെരഞ്ഞെടുക്കുന്ന 6 നാടകങ്ങൾക്ക് യാത്രാച്ചെലവുൾപ്പെടെ 30,000/- രൂപ വീതം നല്കുന്നതാണ്.

22 നാടകാവതരണത്തിന് ആവശ്യമായ അടിസ്ഥാനപരമായ ലൈറ്റ്, സൗണ്ട്, ജനറേറ്റർ സംവിധാനം (അക്കാദമി അനുവദിക്കുന്ന സാങ്കേതിക സംവിധാനങ്ങൾ തെരഞ്ഞെടുക്കുന്ന നാടകസംഘങ്ങളെ അറിയിക്കുന്നതാണ്) എന്നിവ അക്കാദമി ഏർപ്പെടുത്തുന്നതാണ്.

23 കേരള സംഗീത നാടക അക്കാദമി തീരുമാനിക്കുന്ന സ്ഥലത്തും സമയത്തും തീയതിക്കും സംഘടിപ്പിക്കുന്ന ചടങ്ങിൽ വിജയികൾക്ക് അവാർഡുകൾ വിതരണം ചെയ്യുന്നതായിരിക്കും.

24 തെരഞ്ഞെടുക്കപ്പെടുന്ന ഏതെങ്കിലും നാടകസംഘത്തിന് പ്രസ്തുതദിവസം അവതരണം നടത്താൻ സാധ്യമാകാതെ വന്നാൽ പകരം മറ്റൊരു തീയതി അനുവദിക്കുന്നതല്ല.

25 ഈ നിയമാവലിയിലെ ഏതെങ്കിലും വകുപ്പിനെ സംബന്ധിച്ച് തർക്കം ഉണ്ടാവിക്കുന്നപക്ഷം അവസാനവിധി പറയാനുള്ള അധികാരം കേരള സംഗീത നാടക അക്കാദമി നിർവ്വാഹക സമിതിക്കായിരിക്കും. നിർവ്വാഹകസമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

26 നാടകാവതരണത്തെ സംബന്ധിച്ച് വല്ല വ്യവഹാരവും ഉണ്ടാവിക്കുകയാണെങ്കിൽ ആയതിന്റെ നിയമപരമായ അധികാരപരിധി തൃശൂർ കോർപ്പറേഷനായിരിക്കും.

27 കേരള സംഗീത നാടക അക്കാദമിയുടെ അംഗീകാരമുള്ള അമേച്വർ നാടകസംഘങ്ങൾക്ക് മാത്രമേ അപേക്ഷ നൽകുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ. നാടകമത്സരത്തിനുവേണ്ടി പുതിയ അമേച്വർ സംഘങ്ങൾ രൂപീകരിക്കുകയാണെങ്കിൽ വ്യവസ്ഥകളിൽ ഇളവ് വരുത്തി ഉടൻതന്നെ അംഗീകാരം നല്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്.

കരിവെള്ളൂർ മുരളി
സെക്രട്ടറി

കേരള സംഗീത നാടക അക്കാദമി, തൃശൂർ-20.

അമേച്വർ നാടകങ്ങൾക്കുള്ള സംസ്ഥാന അവാർഡ് - 2024

അപേക്ഷാ ഫോറം

1.	അപേക്ഷിക്കുന്ന നാടകസംഘത്തിന്റെ പേരും പൂർണ്ണമായ മേൽവിലാസവും	
2.	ഫോൺ നമ്പർ, ഇമെയിൽ	
3.	നാടകത്തിന്റെ പേര്	
4.	നാടകസംഘം സെക്രട്ടറിയുടെ പേരും പൂർണ്ണമായ മേൽവിലാസവും	
5.	സംവിധായകന്റെ പേരും പൂർണ്ണമായ മേൽവിലാസവും	
6.	നാടകകൃത്തിന്റെ പേരും പൂർണ്ണമായ മേൽവിലാസവും	
7.	നാടകസംഘം രജിസ്റ്റർ ചെയ്ത തീയതിയും രജിസ്ട്രേഷൻ നമ്പരും. (അക്കാദമി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുക)	
8.	നാടകമത്സരത്തിൽ അവതരിപ്പിക്കാൻ നാടകകൃത്ത് നൽകിയ സമ്മതപത്രം ഉള്ളടക്കം ചെയ്യുക	

നിയമാവലിയിലെ വ്യവസ്ഥകൾ അനുസരിച്ച് കേരള സംഗീത നാടക അക്കാദമി നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും കരാറിലെ വ്യവസ്ഥകൾക്ക് വിധേയമായി ഞങ്ങളുടെ നാടകം അവതരിപ്പിച്ചു കൊള്ളാമെന്ന് ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

നാടകസമിതിക്കുവേണ്ടി

സീൽ

സെക്രട്ടറിയുടെ പേരും
ഒപ്പും:

പൂർണ്ണമായ മേൽവിലാസവും :

സ്ഥലം :
തീയതി: